**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2299 — 06-10-2016 -ൽ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ച് റോഡുകൾ നന്നാക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) | ഇല്ല. കേന്ദ്ര മാനദണ്ഡ പ്രകാരമാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിക്ക് ഫണ്ട് ഉപയോഗിക്കുന്നത്. |
| ബി) | കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എത്ര രൂപയാണ് കൊടുത്തുതീർക്കാനുള്ളത്; ഇത് എന്ന് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ബി) | 9.50 (ഒമ്പതര) കോടി രൂപയാണ് കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കൊടുത്തുതീർക്കാനുള്ളത്; ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന തുക ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുപാതികമായി അനുവദിച്ച് നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ